പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2725.　　　　14.12.2015 ന് മറുപടിയ്ക്ക്.

## തൊഴിൽ പരിശീലന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. സി.എഫ്.തോമസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) വിദ്യാസമ്പന്നരായ തൊഴിൽ രഹിതർക്ക് കാർഷിക - ആരോഗ്യ - വ്യാവസായിക മേഖലയിൽ തൊഴിൽ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; | (എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിക്കുകയും ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാകുകയും ചെയ്തു. വിജയകരമായി ലൈസൻസിംഗ് എക്സാം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉയർന്ന ശമ്പളത്തോട് കൂടി ജോലി ഉറപ്പാക്കിയിട്ടുണ്ട്. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ KASE ന്റെ കീഴിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.<br>തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിജയകരമായി നടത്തിവരുന്നു.<br>1. "കെസ്റു 99" കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്-1999 (KESRU 99) പദ്ധതി.<br>2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്.<br>3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി. |

(ബി) വിദ്യാസമ്പന്നരായ തൊഴിൽ രഹിതർക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

(ബി) കേരളാ അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE), ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആന്റ് എംപ്ലോയബിലിറ്റി പ്രോഗ്രാം (ISTEP) എന്ന പദ്ധതിയുടെ കീഴിൽ കേരളത്തിലെ തിരഞ്ഞെടുത്ത ITI-കളിൽ Entrepreneurs Development Programme എന്ന പേരിൽ ഒരു പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ICreate എന്ന സ്ഥാപനവുമായി സഹകരിച്ചു കൊണ്ടാണ് ഈ പദ്ധതി (Entrepreneurs Development Programme) നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ സ്വന്തമായി ബിസിനസ് ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ നിർദ്ദേശം നൽകുകയും മികച്ച ബിസിനസ് ആശയങ്ങൾക്ക് മൂലധനം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിജയകരമായി നടത്തിവരുന്നു.

1. "കെസ്റു 99" കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്-1999 (KESRU 99) പദ്ധതി.

2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്.

3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി.

സെക്ഷൻ ഓഫീസർ